പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4350

28.06.2012- ലെ
മറുപടിക്ക്

കയർ ജിയോ ടെക്സ്റ്റയിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>,, സി. കെ. സദാശിവൻ<br>,, എസ്. ശർമ്മ<br>,, കെ. വി. അബ്ദുൾ ഖാദർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർ ജിയോ ടെക്സ്റ്റയിലിനെ ഒരു നിർമ്മാണ സാമഗ്രിയായി അംഗീകരിച്ച് പൊതുമരാമത്ത് മാനുലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) കയർ ജിയോ ടെക്സ്റ്റയിൽ പൊതുമരാമത്ത് വ കുപ്പിന്റെ മാനുലിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കയർ ജിയോ ടെക്സ്റ്റയിൽസിന്റെ വില പൊതുമരാമത്ത് വ കുപ്പിന്റെ Schedule of Rate-ൽ (ഒരിനത്തിന്റേത്) ഉ ൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ഗ്രാമീണ റോഡുകളുടെ നിർമ്മാണം, കനാലുകളുടെ തീരങ്ങൾ ബലപ്പെടുത്തൽ, മണ്ണൊലിപ്പ് തടയൽ തുടങ്ങിയവയ്ക്ക് കയർ ജിയോ ടെക്സ്റ്റയിൽ ഉപയോഗിക്കുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നോ ; | (ബി) B 849/NREG Cell 2/10 CRD Dt. 12/01/2011 സർ ക്കുലർ പ്രകാരം കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാ ക്കുന്നതിന് മിഷൻ ഡയറക്ടർ, എൻ ആർ ഇ ജി സംസ്ഥാന സെൽ നിർദ്ദേശം നൽകിയിട്ടു ണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയർ എല്ലാ ജില്ലാതല എക്സി ക്യൂട്ടീവ് എഞ്ചിനീയർമാർ ക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം പരിഗണിക്കണമെന്ന നിർദ്ദേശം നൽകിയിട്ടു ണ്ട്. |
| സി) പ്രസ്തുത ഉല്പന്നത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പ്രചാരണ പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ? | സി) NCRMI, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമിൽ എന്നീ സ്ഥാപനങ്ങൾ സംസ്ഥാനത്തിന് അകത്തും പുറത്തും ഒട്ടനവധി ഡെമോൺസ്ട്രേഷൻ സൈറ്റുകൾ സ്ഥാപിച്ച് കയർ ഭൂവസ്ത്രത്തിന് വ്യാപകമായ പ്രചാരണം |

| | |
|---|---|
| | നല്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത് പ്രതിനിധികളെയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയും സ്റ്റേറ്റ് സാക്ഷരതാ മിഷൻ പ്രേരക്മാർ, സ്വാശ്രയ സംഘാംഗങ്ങൾ, വ്യക്തികൾ എന്നിവരെ ഗ്രീൻ കോർഡിനേറ്റർ മാരായി നിയോഗിച്ച് കയർഫെഡ് ഇതിന്റെ വ്യാപനം വിപുലപ്പെടുത്തി വരുന്നു. കയർ കോർപ്പറേഷൻ ഇടുക്കി ഒഴികെയുള്ള മറ്റു ജില്ലകളിൽ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ വർക്ക് ഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 129 ഗ്രാമപഞ്ചായത്തുകളിൽ വർക്ക് നടത്തുകയും ചെയ്തു. NCRMI-യുടെ ആഭിമുഖ്യത്തിൽ കയർ ജിയോ ടെക്സ്റ്റയിൽസ് ഒരു നിർമ്മാണ വസ്തുവായി ഉൾപ്പെടുത്തി പ്രദർശനാടിസ്ഥാനത്തിൽ കോന്നിയിൽ ഒരു റോഡ് നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ ഇവാല്യുവേഷൻ നടത്തി വരുന്നു. കൂടാതെ ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും അവബോധ പ്രചരണങ്ങളും സെമിനാറുകളും നടത്തി വരുന്നു. കയർ ഭൂവസ്ത്രം വ്യാപകമാക്കുന്നതിലേയ്ക്കായി NCRMI-ൽ R & D Committee-യും GTDP (Geo Textile Development Programme) വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങളിലൂടെയുള്ള കയർ ഭൂവസ്ത്ര വില്പനയും വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ